## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*213.** **05.10.2016 ന് മറുപടിയ്ക്ക്**

**മദ്യവർജ്ജന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി. ഇബ്രാഹിം<br>,, എൻ. ഷംസുദ്ദീൻ<br>,, പി.കെ.അബ്ദു റബ്ബ്<br>,, എം.ഉമ്മർ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യലഭ്യതയിൽ ഓണക്കാലത്ത് വർദ്ധനവ് വരുത്താൻ മദ്യസംഭരണ വിതരണ ഏജൻസി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; | (എ) | സ്വീകരിച്ചിരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സരം തുടങ്ങിയ ഉത്സവ വേളകളിൽ വ്യാജമദ്യ ദുരന്തങ്ങൾ സംഭവിയ്ക്കാതിരിയ്ക്കുവാൻ കഴിഞ്ഞ 20 ലേറെ വർഷങ്ങളായി, ബിവറേജസ് കോർപ്പറേഷൻ പതിവായി കൂടുതൽ മദ്യം സംഭരിയ്ക്കാറുണ്ട്. വിപണിയിൽ മദ്യത്തിന്റെ ദൗർലഭ്യം ഒരു കാരണവശാലും അനുഭവപ്പെടരുത് എന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് ഉത്സവവേളകളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സംഭരിച്ച് വയ്ക്കുന്ന മദ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നത്. |
| (ബി) | വിലകുറഞ്ഞ മദ്യം ഓണക്കാലത്ത് കൂടുതൽ ലഭ്യമാക്കാൻ മദ്യക്കമ്പനികൾക്ക് ബിവറേജസ് കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നോ; | (ബി) | വിപണിയിൽ വില കുറഞ്ഞ ഇനം മദ്യത്തിന്റെ ദൗർലഭ്യത്താൽ ഉപഭോക്താക്കൾ വ്യാജമദ്യം ഉപയോഗിയ്ക്കപ്പെട്ടാൽ ഉണ്ടായേയ്ക്കാവുന്ന മദ്യ ദുരന്തം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ, കഴിഞ്ഞ കുറേ വർഷങ്ങളായി പൊതുമേഖല സ്ഥാപനമായ തിരുവല്ല, ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ നിർമ്മിക്കപ്പെടുന്ന ജവാൻ റം ഉൾപ്പെടെയുള്ള വില കുറഞ്ഞ മദ്യങ്ങൾക്ക് ബിവറേജസ് കോർപ്പറേഷൻ പരിധിയില്ലാതെയാണ് ഓർഡറുകൾ നൽകി വരുന്നത്. ഇതിലുപരി, |

| | | | |
|---|---|---|---|
| | | | ഓണക്കാലത്ത്, വിലകുറഞ്ഞ ഇനം മദ്യങ്ങൾ വേണ്ടത്ര ലഭ്യമാക്കുന്നതിന് വേണ്ടി എല്ലാ മദ്യകമ്പനികൾക്കും നോട്ടീസ് നൽകിയിരുന്നു. |
| (സി) | ഉണ്ടെങ്കിൽ മദ്യലഭ്യത വർദ്ധിപ്പിച്ചു കൊണ്ടുള്ള മദ്യവർജ്ജന നയം മദ്യ ഉപഭോഗത്തിലും അതിൽ നിന്നുണ്ടാകുന്ന കുറ്റകൃത്യങ്ങളിലും നാശനഷ്ടങ്ങളിലും എങ്ങനെ നിയന്ത്രണം വരുത്തുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | (സി) | ഉത്സവവേളകളിൽ ആവശ്യാനുസരണം മദ്യം സംഭരിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ നടപടി സ്വീകരിക്കാറുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മദ്യവിതരണ കമ്പനികൾക്കും 'പർച്ചേസ് ഓർഡറുകൾ' വർദ്ധിപ്പിച്ച് നൽകാറുമുണ്ട്. ഈ പ്രക്രിയ വർഷങ്ങളായി തുടർന്നു വരുന്നതാണ്. ഈ കാലയളവിൽ പ്രത്യേക ശ്രദ്ധ നല്കി എക്സൈസ് വകുപ്പ് വളരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും കുറ്റകൃത്യങ്ങൾ തടയുകയും ചെയ്തിട്ടുണ്ട്.<br>മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ലഹരി വസ്തുക്കൾക്കെതിരായ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന ഒരു മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |

**സെക്ഷൻ ഓഫീസർ**